(ബി) ഇവരിൽ നിന്ന് ഭൂനികുതി സ്വീകരിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഇവരുടെ ഭൂനികുതി പിരിച്ചെടുക്കാൻ ഗവൺമെന്റ് എന്ത് നടപടിയാണ് ഇതുവരെ സ്വീകരിച്ചത്;

(ഡി) ഈ കർഷകരിൽ നിന്ന് ഭൂനികുതി സ്വീകരിക്കാൻ അടിയന്തിരമായി ഉത്തരവ് നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിക്ഷിപ്ത വനഭൂമിയായി നോട്ടിഫൈ ചെയ്ത ഭൂമി ആയതിനാലാണ് നികുതി സ്വീകരിക്കാത്തത്.

(സി ആന്റ് ഡി) തുടർച്ചയായി നികുതി സ്വീകരിച്ചുവരുന്ന കേസുകളിൽ നികുതി സ്വീകരിക്കാനും, തർക്കമുള്ള കേസുകളിൽ സംയുക്ത പരിശോധന നടത്തി അനുവദനീയമെന്നു കണ്ടാൽ സ്ഥിരമായി നികുതി സ്വീകരിക്കാനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

തൃശ്ശൂർ ജില്ലയിലെ പാട്ടത്തിനു നൽകിയ റവന്യൂ ഭൂമി

5 [2894] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ റവന്യൂ വകുപ്പിന്റെ ഭൂമി ഏതൊക്കെ സ്ഥാപനങ്ങൾക്കും, വ്യക്തികൾക്കും സംഘടനകൾക്കും പാട്ടത്തിന് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവ ഓരോന്നിന്റെയും പാട്ടത്തുക എത്ര;

(സി) ഈ സംഖ്യ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾ, വ്യക്തികൾ, സംഘടനകൾ ഏതെല്ലാം; കുടിശ്ശിക തുക എത്ര വീതം;

(ഡി) തൃശ്ശൂർ ടൗണിൽ റവന്യൂ പുറമ്പോക്കായി സ്ഥലം ഉണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സർവ്വേ നമ്പരുകളിലാണ് എന്ന് വ്യക്തമാക്കാമോ;

(ഇ) പാട്ടത്തുകയുമായി ബന്ധപ്പെട്ട് കേസുകൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി ആന്റ് സി) തൃശ്ശൂർ ജില്ലയിൽ റവന്യൂ വകുപ്പിന്റെ ഭൂമി പാട്ടത്തിനു നൽകിയത് സംബന്ധിച്ചുള്ള വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ഉണ്ട്. ഓരോ സർവ്വെ നമ്പരിലുമുള്ള ഭൂമിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

	സർവെ നമ്പർ	വിസ്തീർണ്ണം ഹെക്ടറിൽ
(1)	139/1	0.1326
(2)	139/3	0.0507
(3)	183/പി	0.1012
(4)	246/1	0.2089
(5)	246/3	0.0096
(6)	258/പി	0.2833
(7)	259	0.0971
(8)	260	0.0809
(9)	261	0.0850
(10)	262	0.5989
(11)	982/1	0.0728
(12)	983/3	0.0050
(13)	984	0.0405
(14)	1074/2	0.0364
(15)	1086/1	0.0202
(16)	1086/3	0.0121
(17)	1092/1	0.1056
(18)	1119/2	0.0162
(19)	1129/6	0.0113
(20)	1130/13	0.0053
(21)	1150/17	0.0133
(22)	1151/5	0.0040

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

	സർവെ നമ്പർ	വിസ്തീർണ്ണം ഹെക്ടറിൽ
(23)	1112	0.0680
(24)	1213	0.0728
(25)	1221/2	0.0344
(26)	1243	0.1255
(27)	1247/1	0.0028
(28)	1249/7	0.0045
(29)	1251/2	0.0040
(30)	1251/3	0.0081
(31)	1252/1	0.0040
(32)	1252/2	0.0081
(33)	1253/1	0.0040
(34)	1253/2	0.0040
(35)	1253/3	0.0030
(36)	1258/1	0.0040
(37)	1259/5	0.0202

(ഇ) കേസുകൾ നിലവിലുണ്ട്.

മിച്ചഭൂമി ലഭിച്ചവർക്ക് പട്ടയം നൽകൽ

6 [2895] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിച്ചഭൂമി നൽകിയ മുഴുവൻ പേർക്കും മിച്ചഭൂമിക്ക് പട്ടയം നൽകിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുമോ?

ഉത്തരം

നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly